# പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ: 5104.                                        15-11-2019 ൽ മറുപടിയ്ക്ക്

## പാലക്കാട് ഒന്നാം നെൽകൃഷിയുടെ സംഭരണ വേളയിലുണ്ടായ ചൂഷണം

**ചോദ്യം**
ശ്രീ.പാറക്കൽ അബ്ദുല്ല

**മറുപടി**
ശ്രീ. വി.എസ്. സുനിൽകുമാർ
(കൃഷി വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | നെൽകർഷകരുടെ കാര്യത്തിൽ സമയത്ത് വിളവെട്ടുപ്പിന് സാഹചര്യമൊരുക്കൽ, സംഭരണം സുഗമമായി നടത്താൻ സഹായിക്കൽ, അതിന്റെ വില വൈകാതെ ലഭ്യമാക്കൽ എന്നിങ്ങനെയുള്ള കാര്യങ്ങളിൽ സർക്കാർ ഇടപെടലും സന്ദർഭോചിതമായ നടപടികളും ഉറപ്പ് വരുത്താൻ എന്തൊക്കെ ചെയ്യുമെന്ന് വ്യക്തമാക്കുമോ; | (എ) | വിളവെട്ടുപ്പ് കഴിയുന്ന മുറയ്ക്ക് നെല്ല് സപ്ലൈകോ വഴി സംഭരിക്കുകയും, പ്രഖ്യാപിച്ചിട്ടുള്ള വില കാലതാമസം കൂടാതെ നൽകുന്നുമുണ്ട്. 2018-19 സാമ്പത്തിക വർഷത്തിൽ രണ്ടാം വിളയ്ക്ക് 585 കർഷകരിൽ നിന്നും സംഭരിച്ച 1490043 കിലോ നെല്ലിന്റെ വിലയായ 3,76,980,088/- രൂപ മാത്രമേ നൽകുവാൻ ബാക്കിയുള്ളൂ. |
| (ബി) | പാലക്കാട് ഒന്നാം നെൽകൃഷിയുടെ സംഭരണ വേളയിലുണ്ടായ ചൂഷണം ആവർത്തിക്കപ്പെടുന്ന സാഹചര്യമുണ്ടാകുമോ; | (ബി) & (സി) | നെല്ലിന്റെ ഒന്നാം വിള കാലത്ത് കർഷകർക്ക് നെല്ല് ഉണക്കാനും മറ്റും കളങ്ങളും (യാർഡുകളും) ഉണക്കി സംഭരിക്കുന്നതിന് സീഡ് ഗോഡൗണുകളും ഇല്ലാത്തതിനാൽ മഴ മൂലം നെല്ല് കേടുവരുന്നതുകൊണ്ട് ചില കർഷകർ കുറഞ്ഞ വിലയ്ക്ക് സ്വകാര്യ മില്ലുകാർക്ക് നെല്ല് കൊടുത്തിട്ടുണ്ടാവാം.<br>നെല്ല് സംഭരണത്തിന് രജിസ്റ്റർ ചെയ്യാത്ത കർഷകർക്കാണ് ഓപ്പൺ മാർക്കറ്റിൽ നെല്ല് വിറ്റഴിക്കേണ്ടിവന്നത്. വിലയിൽ വലിയ വ്യത്യാസമില്ലാത്ത സാഹചര്യത്തിലാണ് കർഷകർ സ്വന്തം ഇഷ്ടപ്രകാരം നെല്ല് സംഭരണത്തിന് രജിസ്റ്റർ ചെയ്യാതെ വിറ്റഴിച്ചത്. |
| (സി) | അവിടെ മഴ ശക്തിപ്പെട്ടതോടെ സംഭരണ സൗകര്യമില്ലാത്ത നെൽകർഷകർ കിട്ടിയ വിലയ്ക്ക് നെല്ല് സ്വകാര്യ മില്ലുകൾക്ക് നൽകേണ്ട സാഹചര്യമുണ്ടായോ; | | |
| (ഡി) | ഇതിനൊരു പരിഹാരമായി ഒരു കാർഷിക കലണ്ടർ ഉണ്ടാക്കി വിതയും നടീലും വിളവെട്ടുപ്പും അനുബന്ധ കാര്യങ്ങളും അതനുസരിച്ച് ചെയ്താൽ ഇത്തരം ചൂഷണങ്ങൾ ഒഴിവാക്കാനാകുമെന്ന് കരുതുന്നുണ്ടോ; എങ്കിൽ അതിനായി നടപടി സ്വീകരിക്കുമോ; | (ഡി) | പാലക്കാട് കാർഷിക മേഖലകളുടെ പ്രത്യേകതകളും, ജലലഭ്യതയുടെ അടിസ്ഥാനത്തിലും, മഴയുടെ പാറ്റേൺ അനുസരിച്ചും കാർഷിക കലണ്ടർ തയ്യാറാക്കുകയും, വിത്ത് ഒരുക്കുന്നതുമുതൽ വിളവെട്ടുപ്പ് വരെയുള്ള കാർഷിക പരിപാലന മുറകൾ ക്രമപ്പെടുത്തുന്നതിനും വേണ്ട നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ